"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിലെ ഭിന്നശേഷി സംവരണം, നിയമനങ്ങൾക്കുള്ള ഉയർന്ന പ്രായപരിധിയിലെ ഇളവ് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.51/2023/GEDN തീയതി,തിരുവനന്തപുരം, 02-05-2023

---

പരാമർശം:-
1. 10-5-2012 ലെ സർക്കുലർ നമ്പർ 13402/ജെ2/12/പൊ.വി.വ
2. 06-11-2012 ലെ സർക്കുലർ നമ്പർ 58604/ജെ2/12/പൊ.വി.വ.
3. 18-11-2018 ലെ ഉത്തരവ് സ.ഉ.(പി) നമ്പർ 18/2018/സാ.നീ.വ.
4. 08-11-2021 ലെ ഉത്തരവ് സ.ഉ.(പി) നമ്പർ 19/2021/പൊ.വി.വ.
5. 25-06-2022ലെ ഉത്തരവ് സ.ഉ.(കൈ)നമ്പർ 111/2022പൊ.വി.വ.
6. 9-09-2022 ലെ ഉത്തരവ് സ.ഉ.(കൈ)നമ്പർ 162/2022/പൊ.വി.വ.
7. 24-03-2023 ലെ ഉത്തരവ് സ.ഉ.(കൈ)നമ്പർ 29/2023/പൊ.വി.വ
8. റിട്ട് പെറ്റീഷൻ നമ്പർ 19808/2021 തുടങ്ങിയ കേസുകളിൽ ബഹു.കേരള ഹൈക്കോടതി 10/8/2022ന് പുറപ്പെടുവിച്ച വിധിന്യായം.
9. റിട്ട് അപ്പീൽ നമ്പർ 1445/2022, 1602/2022 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 13-03-2023 നു പുറപ്പെടുവിച്ച വിധിന്യായം.
10. 06-02-2021 ലെ ഉത്തരവ് സ.ഉ.(അച്ചടി)നമ്പർ 4/2021/പൊ.വി.വ.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക / അനദ്ധ്യാപക തസ്തികയിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നത് സംബന്ധിച്ച് പരാമർശം 3 മുതൽ 7 വരെയുള്ള ഉത്തരവുകൾ പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.എന്നാൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ

കാര്യത്തിൽ ഈ മാർഗനിർദേശങ്ങൾ പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച് വിദ്യാഭ്യാസ ഓഫീസർമാർ സംശയങ്ങൾ ഉന്നയിക്കുകയുണ്ടായി. മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിലെ റഗുലർ ഒഴിവുകളിൽ പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ദിനവേതനാടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തേണ്ടത്. ആയതിനാൽ ഇത്തരം സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതു സംബന്ധിച്ച് താഴെ പറയുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i) മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന റഗുലർ ഒഴിവുകളിൽ നിലവിൽ ദിനവേതനാടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തേണ്ടത് എന്നതിനാൽ അത്തരം നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണം ബാധകമാക്കേണ്ടതില്ല.

ii) മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂൾ പിന്നീട് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറുമ്പോൾ അത്തരം വിദ്യാലയങ്ങളിലെ നിയമനങ്ങൾക്ക് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധകമായിരിക്കും. എന്നാൽ ഇപ്രകാരം മതിയായ എണ്ണം കുട്ടികളുള്ളതായി മാറുന്ന വിദ്യാലയങ്ങളിൽ 18-11-2018 നു മുൻപുള്ള റഗുലർ ഒഴിവുകളിൽ നിയമിക്കപ്പെടുകയും ദിനവേതനാടിസ്ഥാനത്തിൽ അംഗീകാരത്തോടെ തുടരുകയും ചെയ്യുന്നവരുടെ നിയമനാംഗീകാരം പരാമർശം (2) ലെയും അതുമായി ബന്ധപ്പെട്ട തുടർ ഉത്തരവുകളിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ശമ്പള സ്കെയിലിലേക്ക് മാറ്റി ക്രമീകരിക്കുമ്പോൾ അതൊരു പുതിയ നിയമനമായി പരിഗണിക്കേണ്ടതില്ലാത്തതിനാൽ അവരുടെ അത്തരം ക്രമീകരണങ്ങൾക്ക് ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

iii) മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂൾ പിന്നീട് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറുമ്പോൾ അത്തരം വിദ്യാലയങ്ങളിൽ 18-11-2018 മുതൽ ഉണ്ടായ ഒഴിവുകളിൽ നടത്തുന്ന നിയമനങ്ങൾക്ക് നിലവിലുള്ള ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധകമായിരിക്കും. എന്നാൽ പരാമർശം (8) ലെ വിധിന്യായത്തിൽ പുനഃപരിശോധിക്കേണ്ടതില്ലെന്ന് നിർദേശിക്കപ്പെട്ട നിയമനാംഗീകാരങ്ങളെ സംബന്ധിച്ച വ്യവസ്ഥ ഇത്തരം വിദ്യാലയങ്ങൾക്കും ബാധകമായിരിക്കും.

iv) മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ദിനവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട് പിന്നീട് സ്കൂളിൽ മതിയായ എണ്ണം കുട്ടികളുണ്ടായി നിയമനം ശമ്പള സ്കെയിലിലേക്ക് മാറുമ്പോഴേക്കും ഉയർന്ന പ്രായപരിധി

കഴിയുന്നവരുടെ വിഷയത്തിൽ പരാമർശം (10) ഉത്തരവിലെ ഖണ്ഡിക 4 (7) പ്രകാരം അനുവദിച്ച ഇളവ് 2019-20 വർഷത്തിനു ശേഷവും തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്.

ജോയിന്റ് സെക്രട്ടറിയുടെ സി.എ ക്ക്